# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2514 08.05.2017 -ലെ മറുപടി

**സ്രോതസ്സുകൾ നശിപ്പിക്കുന്ന വൻകിട കമ്പനികളുടെ ജലചൂഷണം**

**ചോദ്യം**

**ശ്രീ. എ. എൻ. ഷംസീർ**

**മറുപടി**

മാത്യു ടി. തോമസ്
ജല വിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | ജല സ്രോതസ്സുകൾ നശിപ്പിക്കുന്ന വൻകിട കമ്പനികളുടെ ജലചൂഷണം തടയുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സ്വീകരിക്കുന്നത്? | എ) | ശാസ്ത്രീയമായ ജല ലഭ്യത പരിശോധന നടത്തിയാണ് ഭൂജലവകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് അനുമതി നൽകുന്നത്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിക്ക് ശുപാർശ ചെയ്യുകയും അന്തിമമായ നിരാക്ഷേപപത്രം സംസ്ഥാന ഭൂജല അതോറിറ്റി നൽകുകയും ചെയ്യുന്നു. സംസ്ഥാന ഭൂജല അതോറിറ്റി ഇതുവരെ 115 സ്വകാര്യ കുപ്പി വെള്ള കമ്പനികൾക്ക് എൻ.ഒ.സി. നല്കിയിട്ടുണ്ട്. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടു കൂടിയാണ് എൻ.ഒ.സി. നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരിശോധിച്ച് വിലയിരുത്താറുണ്ട്. ദിനം പ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ എല്ലാ മാസവും ഭൂജല വകുപ്പ് |

| | | | |
|---|---|---|---|
| | | | നിരീക്ഷിക്കുന്നുണ്ട് നിലവിൽ കമ്പനിയിൽ സ്ഥാപിച്ചിരിക്കുന്നത് SCADA സംവിധാനം മാത്രമായതിനാൽ ജല ഉപഭോഗത്തിന് കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി Telemetry സംവിധാനം സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം GSM അടിസ്ഥാനത്തിലുള്ള Telemetry സ്ഥാപിക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്<br>ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75% കുറയ്ക്കുവാൻ ഭൂജല വകുപ്പ് പാലക്കാട് ജില്ല ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനി പ്രതിദിന ജലഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം 1.50 ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ